മധുരമായ കുട്ടികളേ- ഒരു കാരണവശാലും കുലത്തെ കളങ്കപ്പെടുത്തുന്നവരാകരുത്, ഭൂമി പിളര്ന്നാലും ധര്മ്മം കൈവെടിയരുത്, ബാബക്ക് കൊടുത്ത വാക്ക് സദാ ഓര്മ്മയുണ്ടായിരിക്കണം.

ചോദ്യം :- കുട്ടികള് ഓരോ ചുവടിലും ഏതൊരു അറ്റന്ഷന് തീര്ച്ചയായും വെയ്ക്കണം?

ഉത്തരം :- ഈശ്വരന്റെ മുന്നില് എന്ത് വാക്കാണൊ നല്കിയിട്ടുള്ളത്, പ്രതിജ്ഞയെടുത്തിട്ടുള്ളത് അത് ഏത് പരിതസ്ഥിതിയിലും നിറവേറ്റിയിരിക്കണം. ഈ ശ്രദ്ധ തീര്ച്ചയായും വെയ്ക്കണം. ഒരിക്കലും ബാബയുടേതായതിന് ശേഷം കീചകനായി വിപരീത കര്മ്മം ചെയ്യാന് പാടില്ല. മോശമായ കര്മ്മം ചെയ്തുവെങ്കില് ധര്മ്മരാജന് പൂര്ണ്ണമായും കണക്ക് നോക്കും. മന്മത്ത് അഥവാ പരമത്തനുസരിച്ച് നടക്കരുത്, ഓരോ ചുവടിലും ശ്രീമത്ത് ഓര്മ്മയുണ്ടായിരിക്കണം.

ഗീതം :- അങ്ങ് തന്നെയാണ് മാതാവും പിതാവും....

ഓം ശാന്തി. ശിവഭഗവാനുവാചാ തന്റെ സാളിഗ്രാം കുട്ടികളെ പ്രതി. ആത്മാവിനെയാണ് സാലിഗ്രാം എന്ന് പറയുന്നത്. കുട്ടികള്ക്കറിയാം നിരാകാരനായ പരമപിതാ പരമാത്മാവിന്റെ പേര് ശിവന് എന്നാണ്. വ്യാപാരികള് ശിവനെ ബിന്ദുവെന്ന് പറയുന്നു. ബാബ മനസ്സിലാക്കി തന്നു ആത്മാവ് ബിന്ദുവാണ്, ഭൃമദ്ധ്യത്തില് വസിക്കുന്നു. തിളങ്ങുന്ന നക്ഷത്രമാണ്. ഇത് ആത്മാവിന്റെ കാര്യമാണ്. ഈ നിശ്ചയം ആദ്യം ഉണ്ടായിരിക്കണം. നിരാകാരനായ ശിവബാബ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ അച്ഛന് ശിവനാണ്. ഞാന് ആത്മാവാണ്. രുദ്രന് എന്ന് പറയുന്നതും നിരാകാരനെയാണ്. കേവലം പേര് മാത്രം വേറെയാണ്. ബാബ പരമപിതാ പരമാത്മാവാണ്, ഏറ്റവും ഉയരത്തില് വസിക്കുന്ന മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്. സര്വ്വാത്മാക്കളുടെയും അച്ഛനാണ്. ഇത് സാകാര ശരീരത്തിലൂടെ നിരാകാരിയായ ആത്മാവാണ് പറയുന്നത്. നിങ്ങള്ക്ക് സന്മുഖത്തിരിക്കുമ്പോള് ലഹരിയുണ്ട്- ശിവബാബ എന്നെ പഠിപ്പിക്കുന്നുവെന്ന്. ബാബയ്ക്ക് സ്വന്തം ശരീരമില്ല. ബാക്കി ഓരോ ആത്മാവിന്റെ ശരീരത്തിന്റെ പേര് വ്യത്യസ്ഥമാണ്. പരമാത്മാവിന് ഒരു പേരേയുള്ളൂ. അതിനാല് ബാബ മനസ്സിലാക്കി തരുന്നു ഞാന് നിരാകാരന് ശിവനാണ്. നിങ്ങള് കുട്ടികള് മനുഷ്യ സൃഷ്ടിയില് പുനര്ജന്മമെടുക്കുന്നതുപോലെ ഞാന് ശരീരം ധാരണ ചെയ്യുന്നു. നിങ്ങളെല്ലാവരും സാകാരിയാണ്, ഞാന് ഇപ്പോള് മാത്രമേ സാകാരിയാകുന്നുള്ളൂ. ഇപ്പോള് മാത്രമേ പ്രവേശിച്ച് പഠിപ്പിക്കുന്നുള്ളൂ, ബ്രഹ്മാവിന്റെയും നിങ്ങളുടെയും ആത്മാവ് കേള്ക്കുന്നു. ഇത് നല്ല രീതിയില് ധാരണ ചെയ്താലേ ബാബയോട് സ്നേഹം ഉണ്ടാകുകയുള്ളൂ. എന്നാല് മുഖം കാണുമ്പോള് ആര്ക്കും സ്നേഹം ഇല്ലാത്തപോലെയാണ്. ബാബ പറയുന്നു മുഖം വിടര്ന്നിരിക്കണം. കന്യക പതിയോടൊപ്പം ചേരുമ്പോള് ആഭരണം അണിയുമ്പോള് മുഖം വിടരുന്നു. നിങ്ങള് കുട്ടികളെ ബാബ ജ്ഞാനം കൊണ്ടലങ്കരിക്കുകയാണ്, അപ്പോള് സന്തോഷത്തിന്റെ ലഹരി വര്ദ്ധിക്കണം. ബാബ നിങ്ങളെ ഏതെങ്കിലും സാകാര രൂപത്തില് കുടുക്കുന്നില്ല. ബാക്കിയെല്ലാവരും ദേഹാഭിമാനികളാണ്, തന്റെ സാകാര ശരീരത്തില് തന്നെ കുടുക്കുന്നു. ഇവിടെ ബാബ പറയുന്നു നിരാകാരനായ എന്നെ ഓര്മ്മിക്കൂ എന്ന്. ഹേ ഓമനകുട്ടികളെ, ഹേ ആത്മാക്കളെ, ഞാന് പരമപിതാവ് ഈ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ നിങ്ങളെ പഠിപ്പിക്കുന്നു. ഇല്ലായെങ്കില് എങ്ങനെ പഠിപ്പിക്കും. പാവനമാകുന്നതിന് തീര്ച്ചയായും ശരീരം വേണം. ഇത് ഡ്രാമയില് അടങ്ങിയിട്ടുണ്ട്. ശരീരമില്ലാതെ എനിക്ക് വരാന് സാധിക്കില്ല. ബ്രാഹ്മണരെ കഴിപ്പിക്കുമ്പോള് ആത്മാവിനെ വിളിക്കുന്നു. ബ്രാഹ്മണന് ഒന്നും സംഭവിക്കുന്നില്ല. ആത്മാവാണ് സംസാരിക്കുന്നത്, കേള്ക്കുന്നത്. അതെല്ലാം സംഭവിക്കുന്നത് ഡ്രാമയനുസരിച്ചാണ്. ഡ്രാമയില് അടങ്ങിയിട്ടുള്ളതിനാല് കേള്പ്പിച്ചു. അതിനെയാണ് പിതൃക്കള് എന്ന് പറയുന്നത്. ആത്മാവിനെയാണ് പിതൃക്കള് എന്ന് പറയുന്നത്, അത് ഒരു ശരീരം വിട്ട് മറ്റൊന്നെടുക്കുന്നു. ഇപ്പോള് നിങ്ങള് കുട്ടികള്ക്കറിയാം ബാബ ജ്ഞാനസാഗരനാണ്. ജലത്തിന്റെ സാഗരത്തിന്റ കാര്യമേയില്ല.

മനുഷ്യര് ദേഹാഭിമാനത്തില് വന്ന് എത്രയോ കറുത്ത് പോയി. ഇപ്പോള് നിങ്ങള് ദേഹീയഭിമാനിയായി പാവനമായി തീരുന്നു. ആത്മാവ് പാവനമാകുന്നു. ബാബയെ എത്രത്തോളം ഓര്മ്മിക്കുന്നുവൊ അത്രയും ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ വികര്മ്മം ഭസ്മമാകും. പാപം നശിക്കും. നിങ്ങള്ക്കറിയാം മമ്മാ ബാബ എത്ര പരിശ്രമിക്കുന്നുണ്ടാകും എന്നാലും കര്മ്മകണക്ക് തീര്ക്കുക തന്നെ വേണം. ജന്മ ജന്മാന്തരത്തെ ഭാരം

തലയിലുണ്ട്. അത് പുരുഷാര്ത്ഥത്തിന്റെ നമ്പറനുസരിച്ച് അന്ത്യത്തില് സമാപ്തമാക്കണം. രുദ്രമാലയുണ്ടെന്ന് കുട്ടികള്ക്കറിയാമല്ലോ. 8 ന്റെ ഉണ്ട്, 108ന്റെ, 16108 ന്റെയും മാലയുണ്ട്. പ്രജകള് അനവധിയുണ്ട്. രുദ്രമാലയല്ലേ. മുഴുവന് ലോകത്തിലെ സര്വ്വ ആത്മാക്കളും രുദ്രമാലയിലേതാണ്. സര്വ്വരും ബാബയുടെ കുട്ടികളാണ്. മുഴുവന് വംശവും ഉണ്ടാകുന്നു. മനുഷ്യന് വളരെ വലിയ വംശം ഉണ്ടാക്കുന്നു, അതിന് വംശനാമവും വെയ്ക്കുന്നുണ്ട്. ഇത് ശ്രീ ശ്രീ ശിവബാബയുടെ മാലയാണ്. ബാബ പറയുന്നു കുട്ടികളേ ദേഹീയഭിമാനിയായി ബാബയെ പൂര്ണ്ണമായും ഓര്മ്മിക്കണം. നിങ്ങള് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓര്മ്മിക്കുകയാണെങ്കില് വികര്മ്മം ഭസ്മമാകും. ഇല്ലായെങ്കില് വളരെ ശിക്ഷകള് അനുഭവിക്കേണ്ടി വരും.

ബാബ അടിക്കടി പറയുന്നു കുട്ടികളേ മറക്കരുത്, എന്നാല് മായ വീണ്ടു മറപ്പിക്കുന്നു. ബാബ പറയുന്നു കുട്ടികളേ ചാര്ട്ട് വെയ്ക്കൂ- എത്ര സമയം ശിവബാബയെ ഓര്മ്മിക്കുന്നുവെന്ന്. ഒരു വേള ഓര്മ്മിക്കാന് ആരംഭിക്കൂ പിന്നീട് അഭ്യാസമായി തീരും. അന്തിമത്തില് ബാബയുടെ മാത്രം ഓര്മ്മ വരുന്ന രീതിയിലുള്ള അവസ്ഥയെ പ്രാപ്തമാക്കൂ. അങ്ങനെ ഓര്മ്മയിലിരിക്കുന്നവര് തന്നെയാണ് വിജയമാലയിലെ 8 രത്നങ്ങളായി തീരുന്നത്, പരിശ്രമം വേണം. അത് എത്രത്തോളം ചെയ്യുന്നുവൊ അത്രത്തോളം പ്രാപ്തമാകുന്നു. സന്യാസിമാര് കുടുംബം ഉപേക്ഷിച്ച് കൊട്ടാരത്തില് വസിക്കുന്നു. വാസ്തവത്തില് അത് നിയമമല്ല. നിങ്ങള്ക്ക് അവിടെ അളവറ്റ സുഖമാണ് ലഭിക്കുന്നത്. ബാബ ആലിംഗനം ചെയ്ത് ഓമനിക്കുന്നു- മധുരമായ കുട്ടികളേ, സമ്പന്നരിലും വെച്ച് സമ്പന്നരാകാന് നിങ്ങള് ആഗ്രഹിക്കുന്നില്ലേ അപ്പോള് ഭാവിയിലേക്ക് അങ്ങനെയുള്ള പുരുഷാര്ത്ഥം ചെയ്യൂ. ബാക്കി ഇവിടത്തെ സമ്പന്നത മണ്ണിനോടലിഞ്ഞു ചേരണം. ചിലരുടേത് മണ്ണിലടിയും.....അപകടം സംഭവിക്കുമ്പോള് ഉടന് തീ പിടിക്കുന്നു. വിമാനം നിലംപതിക്കുമ്പോള് കള്ളന്മാര് സാധനങ്ങള് മോഷ്ടിച്ച് ഓടി കളയുന്നു. ഇനി ബോംബുകളിലൂടെ നിരവധിയാളുകള് മരിക്കും. ഇപ്പോഴത്തെ കാര്യങ്ങളാണ് പിന്നീട് പാടുന്നത്. ലക്ഷാധിപതികളെല്ലാം സമാപ്തമാകും. അമേരിക്ക എത്ര സമ്പന്നമാണ്. ഈ മൃത്യു ലോകത്തില് അമേരിക്ക സ്വര്ഗ്ഗമാണ്. എന്നാല് മൃഗതൃഷ്ണയ്ക്ക് സമാനമാണ്. അത് നിങ്ങള്ക്കറിയാം അവര് സ്വയം മനസ്സിലാക്കുന്നുണ്ട് മൃത്യു തൊട്ട്മുന്നിലുണ്ട് എന്ന്. തീര്ച്ചയായും ഭഗവാനുമുണ്ടാകും. പരമപിതാ പരമാത്മാവ് വരുന്നത് തന്നെ സ്ഥാപനയുടെയും വിനാശത്തിന്റെയും കാര്യം ചെയ്യിക്കുന്നതിനാണ്. ചെയ്യുന്നവനും ചെയ്യിക്കുന്നവനുമല്ലേ. ബ്രഹ്മാവിലൂടെ സ്ഥാപന... ഇപ്പോള് നിങ്ങള് മുന്നിലിരിക്കുന്നു. കുട്ടികളെ തന്നെയാണ് ബ്രാഹ്മണന് എന്ന് പറയുന്നത്. നിങ്ങള് മുത്തച്ഛനില് നിന്നും സമ്പത്തെടുക്കുന്നു. ശ്രീമതം ശ്രേഷ്ഠം എന്നാണ് പറയുന്നത്, അപ്പോള് അതനുസരിച്ച് നടക്കണം. ദേവതയാകണം. ബാബ പറയുന്നു ഈ സമയത്ത് ഓരോരുത്തരും ദുര്യോധനനും ദ്രൗപദിയുമാണ്. ഒരു കഥയില് ദ്രൗപദി ആരുടെയോ വീട്ടില് വസിച്ചപ്പോള് കീചകന് അവരുടെ പിന്നാലെ കൂടി. വാസ്തവത്തില് സര്വ്വരും ദ്രൗപദിമാരാണ്. കുമാരി അഥവാ മാതാ സര്വ്വരും ദ്രൗപതിമാരാണ്. കന്യകമാര് സേവനത്തിന് പോകുമ്പോള് കീചകര് പിന്നാലെ കൂടുന്നു. പിന്നെ എഴുതിയിട്ടുണ്ട് ഭീമന് കീചകനെ വധിച്ചുവെന്ന്. കീചകന് അര്ത്ഥം തീര്ത്തും മോശമായിട്ടുള്ളവര്, അവര് പിന്നാലെ കൂടുന്നു. അതിനാല് ദ്രൗപദിമാരെ ബാബ വന്ന് പതിതമാകുന്നതില് നിന്നും മോചിപ്പിക്കുന്നു. കന്യകമാരെ വളരെ സംരക്ഷിക്കണം. കീചകന്റെ കാര്യം ഈ സമയത്താണ്. അവരില് നിന്നും സംരക്ഷിക്കപ്പെട്ടിരിക്കണം. ബാബയുടേതായതിന് ശേഷം കീചകന്റേതായിയെങ്കില് അറിഞ്ഞു കൂടാ ധര്മ്മരാജന് എന്ത് ചെയ്യുമെന്ന്. അത് കുട്ടികളെ സാക്ഷാത്ക്കാരം ചെയ്യിച്ചിട്ടുണ്ട്. വളരെ ശിക്ഷകള് അനുഭവിച്ചിരുന്നു. പിന്നീട് ബാബയോട് ചോദിച്ചിരുന്നു, ബാബ പറഞ്ഞു സാക്ഷാത്ക്കാരം ചെയ്യിപ്പിക്കും അപ്പോള് തീര്ച്ചയായും ശിക്ഷകള് അനുഭവിക്കേണ്ടി വരും. ഇതിന്റെ കര്മ്മകണക്ക് അവരുടെ പാപങ്ങളില് നിന്ന് ഇല്ലാതാകും. ബാബ ആരുടെയും സൂക്ഷിച്ചു വയ്ക്കുന്നില്ല. അതിനാല് ബാബ മനസ്സിലാക്കി തരുന്നു- കീചകന് അര്ത്ഥം ദുര്യോധനനാകരുത്. കംസന്, ജരാസന്ധന്, ശിശുപാലന് എന്നിങ്ങനെ എത്ര പേരുകളുണ്ട്. കംസന് അര്ത്ഥം വികാരി. കന്യകമാരെ വളരെ കഷ്ടപ്പെടുത്തുന്നു.

ഇപ്പോള് നിങ്ങള് ബാബയുടെ കുട്ടികള് ബ്രാഹ്മണരായി. അതിനാല് ബ്രാഹ്മണകുലത്തെ കളങ്കപ്പെടുത്തരുത്. കളങ്കപ്പെടുത്തിയെങ്കില് കുലത്തെ കളങ്കപ്പെടുത്തുന്നവരായി തീരും. കുലത്തെ കളങ്കപ്പെടുത്തുന്നവരുടെ മുഖം പോലും നോക്കരുത്. അവരെ പോലെ പാപാത്മാവായി ലോകത്തിലാരും തന്നെയില്ല. സ്വര്ഗ്ഗത്തിന്റെ അധികാരിയാക്കുന്ന പരിധിയില്ലാത്ത അച്ഛനെ പോലും ഉപേക്ഷിക്കുന്നു. അവരെയാണ് അജാമിലനെ പോലെ പാപിയെന്ന് പറയുന്നത്. എന്നാല് അജാമിലനെ പോലെയുള്ള പാപികളുടെ പോലും ഉദ്ധാരണം നടക്കണം. ശിക്ഷകള് അനുഭവിച്ച് വളരെ പീഡിതരാകുന്നു. ആത്മാക്കള്ക്ക് വളരെ ദുഃഖമുണ്ടാകുന്നു. പരമപിതാ പരമാത്മാവായ

പരിധിയില്ലാത്ത അച്ഛനെ വിട്ട് പോകുന്നു. ഇവരെ പോലുള്ള പാപാത്മാക്കള് ലോകത്തിലാരുമില്ല. ലോകം വളരെ മോശമാണ്. വളരെയധികം ശ്രദ്ധിക്കണം. ആദ്യം ആദ്യം ഭട്ഠിയിലിരുന്നപ്പോള് മാതാ-പിതാവിന് എത്രയോ സംരക്ഷണം നല്കേണ്ടി വന്നു. മായ വളരെ ശക്തിശാലിയാണ് അതിനാല് ബാബ പറയുന്നു പവിത്രമായിരുന്ന് ബാബയില് നിന്ന് സമ്പത്തെടുക്കാനുള്ള അത്രയും ശക്തിയുണ്ടോ? ബുദ്ധി കൊണ്ട് മനസ്സിലാക്കി- ബാബയുടെ കുട്ടിയായി, അതിനാല് ബാബയുടെ പേര് മോശമാക്കില്ല. ബാബ പറയുന്നു ഞാന് വന്ന് കുട്ടികളെ പാവനമാക്കാന് എത്ര പരിശ്രമിക്കുന്നു. പതിത ലോകത്തില്, പതിത ശരീരത്തില് വരുന്നു. എന്നിട്ടും കളങ്കം ചാര്ത്തിയെങ്കില് ഓര്മ്മിക്കണം, കടുത്ത ശിക്ഷകള് അനുഭവിക്കേണ്ടി വരും. ഇവിടെ പ്രാപ്തി വളരെയധികമുണ്ട്. സ്വര്ഗ്ഗത്തിന്റെ അധികാരിയായി തീരുന്നു. എന്നാല് പോകവേ ബാബയുടെ കൈവിട്ടു എങ്കില് തീര്ത്തും മണ്ണിനോട് ചേരും. സന്മുഖത്ത് വസിക്കുന്നവരെ പോലും മായ മൂക്കില് വന്ന് പിടിക്കുന്നു, അതിനാല് വളരെ ശ്രദ്ധയോടെയിരിക്കണം. ബാബയുടേതായി പ്രതിജ്ഞയെടുത്ത് പവിത്രമായി ജീവിക്കുന്നില്ലായെങ്കില് കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരും. ഈശ്വരനോടെടുത്ത പ്രതിജ്ഞ പൂര്ണ്ണമായും നിറവേറ്റണം. ഈശ്വരന്റെയടുത്ത് പ്രതിജ്ഞയെടുക്കുന്നത് ഈ സമയത്താണ്. ശിവബാബ പറയുന്നു പ്രതിജ്ഞയെടുക്കൂ ഞാന് പവിത്രമായി ഭാരതത്തെ സ്വര്ഗ്ഗമാക്കും. പ്രതിജ്ഞ ലംഘിച്ചുവെങ്കില് സമാപ്തമായി. ഭൂമി പിളര്ന്നാലും ധര്മ്മം കൈവെടിയരുത്. മരിക്കേണ്ടി വന്നാലും പ്രതിജ്ഞ ലംഘിക്കരുത്. വാക്ക് നല്കി പിന്നീട് മാറ്റുന്നു. ഇപ്പോള് നിങ്ങള് വാക്ക് നല്കുന്നത് പരമപിതാ പരമാത്മാവിനാണ്. വാക്ക് നല്കി മാറ്റിയെങ്കില് ധര്മ്മരാജനിലൂടെ ശിക്ഷ അനുഭവിക്കേണ്ടി വരും. ഫലം നല്കുന്നത് ബാബയല്ലേ. ദാനപുണ്യത്തിന്റെയും ഫലം നല്കുന്നു, പാപത്തിന്റെ ശിക്ഷയും നല്കുന്നു. ചെയ്യുന്നവനും ചെയ്യിക്കുന്നവനുമാണ് അതിനാല് നിങ്ങള് വളരെ ശ്രദ്ധയോടെയിരിക്കണം. ഇവിടെ നിങ്ങള് സന്മുഖത്തിരിക്കുന്നു. പുറത്ത് ഹംസത്തിന് കൊക്കുകളുടെ കൂടെയിരിക്കേണ്ടി വരുന്നു. ബാബ പറയുന്നു ഗൃഹസ്ഥത്തിലിരുന്ന് ശരീര സംബന്ധികളെ കണ്ടു കൊണ്ടും ഓരേയൊരു ബാബയെ തന്നെ ഓര്മ്മിക്കണം. ഇത് അനേകം പേര് വരുന്ന സാധാരണ സത്സംഗമല്ല. ക്രിസ്ത്യാനികള് ഒരൊറ്റ പ്രഭാഷണത്തിലൂടെ നിരവധി പേരെ ക്രിസ്ത്യാനികളാക്കുന്നു. ഇവിടെ അങ്ങനെയല്ല. ഇവിടെ ജീവിച്ചിരിക്കെ മരിക്കണം. ശ്രീമത്തനുസരിച്ച് നടക്കണം. ദേഹാഭിമാനത്തെ ഉപേക്ഷിച്ച് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കണം. ആത്മാവും പരമാത്മാവും കാലങ്ങളായി അകന്നിരിക്കുകയായിരുന്നു..... ഇപ്പോള് സത്ഗുരുവിനെ ദല്ലാളിന്റെ രൂപത്തില് ലഭിച്ചിരിക്കുന്നു. പറയുന്നു എന്നെ ഓര്മ്മിക്കൂ എങ്കില് നിങ്ങളുടെ തോണി അക്കരെയെത്തും. കൈ വിട്ടുവെങ്കില് സമാപ്തം. മഹാന് പാപാത്മാവായി തീരുന്നു. അങ്ങനെയുള്ള മഹാന് പാപാത്മാവിനെ കാണണമെങ്കില് ഇവിടെ നോക്കൂ. ബാബ പറയുന്നു കുട്ടികള് ഇങ്ങനെ പതിതമാകരുത്. പുണ്യാത്മാവാകണം. യോഗത്തിലിരുന്നാലേ പാപങ്ങളില് നിന്നും മുക്തമാകൂ. ബോക്സിംഗില് ശ്രദ്ധ വേണം. ഇല്ലായെങ്കില് മായ അടിച്ചു വീഴ്ത്തും. മായയുടെ മേല് വിജയം നേടുക എന്നത് അത്ര എളുപ്പമായ കാര്യമല്ല. ഇതാണ് സതോപ്രധാന സന്യാസം. നിങ്ങള് കുട്ടികള് വളരെ ശ്രദ്ധിക്കണം. മറ്റൊരു നിര്ദ്ദേശം അനുസരിച്ചു അര്ത്ഥം മരിച്ചു. ബാബയ്ക്ക് എഴുതുന്നുണ്ട്- ബാബാ, മായയോട് പറയൂ, ഞങ്ങളോട് ക്ഷമിക്കാന്. ബാബ പറയുന്നു- ഇല്ല, ഇപ്പോള് മായക്ക് ഞാന് നിറയെ പരീക്ഷണങ്ങള് കൊണ്ടു വരാന് ഓര്ഡര് ചെയ്യുകയാണ്. ദുഃഖത്തിന്റെ, വികര്മ്മങ്ങളുടെ പര്വ്വതത്തെ വീഴ്ത്തൂ. നന്നായി മൂക്കില് പിടിച്ച് വീഴ്ത്തൂ. നോക്കൂ, സ്വര്ഗ്ഗത്തിലേക്ക് പോകാന് യോഗ്യരായോ എന്ന്. അല്ലാതെ കൃപ കാണിക്കൂ, ആശീര്വ്വദിക്കൂ എന്ന് പറയില്ല. സ്കൂളില് ടീച്ചര് കുട്ടികളോട് കൃപ കാണിക്കുമോ? അവരെ പഠിപ്പിക്കണം. ഇത് അറിവാണ്, അന്ധവിശ്വാസത്തിന്റെ കാര്യമേയില്ല. ഇത് സാധാരണ സത്സംഗമല്ല. ഇതാണ് ഈശ്വരീയ സത്സംഗം. ശരി.

വളരെക്കാലത്തെ വേര്പാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയോട് ചെയ്ത പ്രതിജ്ഞ നിലനിര്ത്തണം, വാക്ക് നല്കിയതിന് ശേഷം മാറ്റരുത്. വളരെ വളരെ ശ്രദ്ധയോടെയിരിക്കണം.

2) തന്നെയും മറ്റുള്ളവരെയും ജ്ഞാന അലങ്കാരം ചെയ്യണം. ഒരിക്കലും ദേഹാഭിമാനിയായി സാകാര ശരീരത്തില് കുടുങ്ങരുത്, ആരെയും കുടുക്കരുത്.

വരദാനം :- ഓരോ ആത്മാവിനും സെക്കന്റില് മുക്തി- ജീവന് മുക്തിയുടെ അധികാരം നല്കുന്ന മാസ്റ്റര് സദ്ഗുരുവായി ഭവിക്കൂ

ഇപ്പോള് വരെയ്ക്കും മാസ്റ്റര് അധ്യാപകന്റെ പാര്ട്ടാണ് അഭിനയിച്ചു കൊണ്ടിരിക്കുന്നത്. എന്നാല് ഇപ്പോള് സത്ഗുരുവിന്റെ സന്താനമായി ഗതിയുടെയും സദ്ഗതിയുടെയും വരദാതാവിന്റെ പാര്ട്ടഭിനയിക്കണം. മാസ്റ്റര് സദ്ഗുരു അര്ത്ഥം സമ്പൂര്ണ്ണമായും പിന്തുടരുന്നവര്. സത്ഗുരുവിന്റെ വചനത്തിലൂടെ സദാ സമ്പൂര്ണ്ണ രീതിയില് നടക്കുന്നവര്. ഇങ്ങനെയുള്ള മാസ്റ്റര് സത്ഗുരുവിന് തന്നെയാണ് സെക്കന്റില് ദൃഷ്ടിയിലൂടെ സായൂജ്യം അര്ത്ഥം മുക്തി ജീവന് മുക്തിയുടെ അധികാരം നല്കുന്നതിന്റെ സേവനം ചെയ്യാന് സാധിക്കുന്നത്.

സ്ലോഗന് :- ആജ്ഞാകാരിയാകൂ അപ്പോള് ബാപ്ദാദയുടെ ഹൃദയത്തില് നിന്നുള്ള ആശീര്വ്വാദങ്ങള് പ്രാപ്തമായിക്കൊണ്ടിരിക്കും.